## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2297. 20.06.2012-ൽ മറുപടിയ്ക്ക്**

**കേരളമൊട്ടാകെ നീതി, മാവേലി റേറ്റിൽ മരുന്ന് ലഭ്യമാക്കുവാൻ നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | വിലനിയന്ത്രണ പരിധിയിൽ ഉള്ള 65 മരുന്നുകൾക്ക് പുറമേ കൂടുതൽ മരുന്നുകൾ ഉൾപ്പെടുത്തി എണ്ണം 300 ആക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) | ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ 1995 പ്രകാരം 75 മരുന്നുകൾക്ക് മാത്രമേ വില നിയന്ത്രണം നിലവിലുള്ളു. പുതിയ നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് പോളിസി (എൻ.പി.പി.പി) സുപ്രീം കോടതിയുടെ നിർദ്ദേശ പ്രകാരം 348 ഓളം മരുന്നുകളും അവയുടെ ചേരുവകളും ചേർത്ത ഏകദേശം 660 ഓളം മരുന്നുകൾ National List of Essential Medicines ഉൾപ്പെടുത്തി ഇവയുടെ വില നിയന്ത്രിക്കാനുള്ള നടപടികൾ കേന്ദ്ര സർക്കാർ സ്വീകരിച്ചു വരുന്നു. മരുന്നുകളുടെ വില നിയന്ത്രണം കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള പെട്രോളിയം ആന്റ് കെമിക്കൽസ് മന്ത്രാലയത്തിന്റെ കീഴിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി (എൻ.പി.പി.എ)യ്ക്കാണ്. |
| (ബി) | അമിതലാഭം ഉണ്ടാക്കുന്ന ഏതാണ്ട് 20% മരുന്നുകൾക്ക് ഈടാക്കാവുന്ന പരമാവധി ലാഭം എത്രയെന്ന് നിജപ്പെടുത്തി ഡ്രഗ്സ് കൺട്രോളർ ഉത്തരവ് പുറപ്പെടുവിക്കുമോ; | (ബി) | അമിത ലാഭമുണ്ടാക്കുന്ന മരുന്നുകൾക്ക് ഈടാക്കുന്ന ലാഭവിഹിതം നിജപ്പെടുത്താൻ ഡ്രഗ്സ് കൺട്രോളർക്കോ, സംസ്ഥാന സർക്കാരിനോ അധികാരമില്ല. അതിനുള്ള അധികാരം കേന്ദ്ര സർക്കാരിനു മാത്രമാണുള്ളത്. |

| | | | |
|---|---|---|---|
| (സി) | ഡി.പി.സി.ഒ. പറഞ്ഞിട്ടുള്ള കുറഞ്ഞ ലാഭം നൽകിക്കൊണ്ട് കൺസ്യൂമർ ഫെഡിൽ നിന്നോ സപ്ലൈകോയിൽ നിന്നോ റീട്ടെയിലർക്ക് മരുന്ന് നൽകി കേരളമൊട്ടാകെ നീതി മാവേലി റേറ്റിൽ മരുന്നു ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | നിലവിലുള്ള സമ്പ്രദായം തുടരാൻ മാത്രമേ ആരോഗ്യ വകുപ്പിന് ഇപ്പോൾ സാധിക്കുകയുള്ളു. എന്നാൽ നീതി മെഡിക്കൽ സ്റ്റോറുകൾ, കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി എന്നിവ വഴി വളരെ വിലക്കുറവിൽ മരുന്നുകൾ രോഗികൾക്ക് വിൽക്കുന്ന സംവിധാനം നിലവിലുണ്ട്. എല്ലാ ജനറിക് മരുന്നുകളും ആശുപത്രികളിൽ നിന്നും രോഗികൾക്ക് സൗജന്യമായി നൽകുന്ന പദ്ധതി ആരംഭിക്കാനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ